# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 420

### 13-01-2021 ൽ മറുപടിക്ക്

### ഗ്രീൻ ബോണ്ട്

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ<br>ശ്രീ. കെ. സി . ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. കെ. എസ്. ശബരീനാഥൻ | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പശ്ചാത്തലസൗകര്യ വികസനത്തിനായി ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനുമായി കിഫ്ബി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; | പൊതു-സ്വകാര്യ പങ്കാളിത്ത മാതൃകയിൽ പശ്ചാത്തല സൗകര്യ വികസനത്തിനായി ഇനിഷ്യൽ സ്ക്രീനിംഗ്, ട്രാൻസാക്ഷൻ അഡ്വൈസ്, ഗ്ലോബൽ അഡ്വൈസ്, കപ്പാസിറ്റി ബിൽഡിംഗ് എന്നിവക്കുള്ള ടെക്നിക്കൽ അസിസ്റ്റൻസ് ഇന്റർനാഷണൽ ഫിനാൻസ് കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ധാരണാപത്രത്തിൽ കിഫ്ബി ഒപ്പ് വച്ചിട്ടുണ്ട്. |
| (ബി) ഐ.എഫ്.സി.യിൽ നിന്ന് ഗ്രീൻ ബോണ്ടുകളിലൂടെ ഫണ്ട് സമാഹരിക്കുവാന് കിഫ്ബി ഉദ്ദേശിക്കുന്നുണ്ടോ; എത്ര കോടി രൂപയുടെ ഗ്രീൻബോണ്ടുകളാണ് ഇറക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി ആർ.ബി.ഐ.യുടെ അംഗീകാരം തേടിയിട്ടുണ്ടോ; | ഐ.എഫ്.സിയിൽ നിന്നും 1100 കോടിരൂപയുടെ ഗ്രീൻ ലോൺ/ ബോണ്ട് സമാഹരിക്കുനതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുവരുന്നു. പ്രസ്തുത ധനസമാഹരണത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്ന മുറയ്ക്ക് ആർ.ബി.ഐയുടെ അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) ഗ്രീൻബോണ്ടുകളിലൂടെ സമാഹരിക്കുന്ന തുക എന്തൊക്കെ കാര്യങ്ങൾക്ക് വിനിയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്? | കുട്ടനാട്, തീരപ്രദേശങ്ങൾ മറ്റു Eco fragile ആയ പ്രദേശങ്ങൾ എന്നിവയുടെ പരിസ്ഥിതി പുനസ്ഥാപനത്തിൽ ഊന്നുന്ന വികസന പരിപാടികൾക്കായിരിക്കും ഈ ഫണ്ട് വിനിയോഗിക്കുക എന്നാണ് പ്രാഥമിക ധാരണ. |

ജോയിന്റ് സെക്രട്ടറി